# തിരുവിതാംകൂർ ചരിത്രവിജ്ഞാനകോശം വെബ്പോർട്ടൽ

www.tmcgulf.com

തിരുവിതാംകൂർ മലയാളി കൗൺസിൽ ഗൾഫ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ തിരുവിതാംകൂർ ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന **"തിരുവിതാംകൂർ ചരിത്രവിജ്ഞാനകോശം"** വെബ്പോർട്ടൽ 2011 ആഗസ്റ്റ് 25-ന് കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം സെന്ററിൽ നടന്ന ചരിത്രപഠന സമ്മേളനത്തിൽ **തിരുവിതാംകൂർ മഹാരാജാവ് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ** ഉദ്ഘാടനം ചെയ്ത വിവരം സസന്തോഷം അറിയിക്കുന്നു.



തിരുവിതാംകൂർ ചരിത്രപഠനത്തിൽ താൽപര്യമുള്ള ചരിത്രാന്വേഷകരുടെ പൊതുവേദിയാണ് തിരുവിതാംകൂർ മലയാളി കൗൺസിൽ. മ്യൂസിയങ്ങളിലും, കൊട്ടാരങ്ങളിലും, തറവാടുകളിലും സൂക്ഷിക്കുന്ന ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ ക്രോഡീകരിച്ച് ഡിജിറ്റൽ രൂപത്തിൽ ക്രമീകരിച്ച് **"തിരുവിതാംകൂർ ചരിത്രവിജ്ഞാനകോശം"** പ്രസിദ്ധീകരിക്കുകയും, ചരിത്രപഠിതാക്കൾക്കായി **"തിരുവിതാംകൂർ ചരിത്രഗവേഷണ സെന്റർ"** ആരംഭിക്കുകയുമാണ് തിരുവിതാംകൂർ മലയാളി കൗൺസിലിന്റെ ലക്ഷ്യം. ഇത് പൂർത്തീകരിക്കുവാൻ ചരിത്രപണ്ഡിതന്മാരുടെയും, ചരിത്രസ്നേഹികളുടെയും കൂട്ടായ പ്രയത്നം അനിവാര്യമാണ്. ഈശ്വരസന്നിധിയിൽ സമർപ്പിച്ച് ഞങ്ങൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ സവിനയം സമർപ്പിക്കുന്നു.

**പ്രബന്ധങ്ങൾ ക്ഷണിക്കുന്നു**

തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രം, രാജകീയവിളംബരങ്ങൾ, തിരുവിതാംകൂറിന്റെ ദേശീയഗാനം, തിരുവിതാംകൂർ നാണയങ്ങൾ, മതിലകം രേഖകൾ, ദിവാൻജിമാർ, പൗരപ്രമുഖർ, പ്രജാസഭാംഗങ്ങൾ, ചുവർചിത്രങ്ങൾ, പൗരാണിക ക്ഷേത്രങ്ങൾ, ചരിത്രസ്മാരകങ്ങൾ, തന്ത്രികുടുംബങ്ങൾ, പള്ളിയോടങ്ങൾ, മതവിഭാഗങ്ങൾ, സാഹിത്യകാരന്മാർ, സംഗീതജ്ഞർ, പത്രാധിപന്മാർ തുടങ്ങിയ വിഷയങ്ങളെ കുറിച്ച് വിവരങ്ങൾ സമാഹരിച്ച് തയ്യാറാക്കുന്ന തിരുവിതാംകൂർ ചരിത്രവിജ്ഞാനകോശം വെബ്പോർട്ടലിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും, ചരിത്രഗവേഷണ സെന്ററിൽ പുസ്തകങ്ങൾ, ചരിത്ര രേഖകൾ, സുവനീറുകൾ, പുരാവസ്തുക്കൾ, ഡോക്യുമെന്ററികൾ നൽകി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ കൗൺസിൽ ഭാരവാഹികളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾ വെബ്സൈററിൽ ലഭ്യമാണ്.

ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഒട്ടനവധി ചരിത്രരേഖകൾ സംബന്ധിച്ച് വിവരങ്ങൾ നൽകി സഹകരിച്ച ചരിത്രസ്നേഹികളോടും, ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുഗ്രഹാശംസകൾ നൽകിയ തിരുവിതാംകൂർ രാജകുടുംബത്തോടുമുള്ള സ്നേഹാദരവുകൾ സമർപ്പിക്കുന്നു. തിരുവിതാംകൂർ മലയാളി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ താൽപര്യമുള്ള ചരിത്രസ്നേഹികളെ സഹർഷം സ്വാഗതം ചെയ്യുന്നു.

സ്നേഹാദരവുകളോടെ,


**ഏബ്രഹാം.പി.സണ്ണി (പ്രസിഡന്റ്)**
Mob.00971-5626794 (UAE)
Mob.0091 -9447736707 (Kerala)
E-Mail: sunny@blacktulipflowers.ae
www.tmcgulf.com

**ഡയസ് ഇടിക്കുള (ജനറൽ സെക്രട്ടറി)**
Mob.00971-506980613 (UAE)
Mob.0091 -9847506466 (Kerala)
E-Mail:daiesidiculla@yahoo.com
www.tmcgulf.com

**പ്രബന്ധങ്ങളും ചരിത്രരേഖകളും നല്കേണ്ട വിലാസം**

**INDIA - Daies Idiculla, Murikolipuzha house, Angadi P. O. Ranni - 689 674**
**GULF - Daies Idiculla, Librarian, Gulf Medical University, P.O. Box : 4184, Ajman, UAE**